(സി) താങ്ങുവില പദ്ധതിപ്രകാരം കൊപ്ര വാങ്ങി, സബ്സിഡി നിരക്കിൽ പൊതുവിതരണ സമ്പ്രദായത്തിൽ വെളിച്ചെണ്ണ വിതരണം ചെയ്തതിൽ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ.

(ഡി) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഇക്കാര്യം വിഭാവനം ചെയ്തിട്ടില്ല.

(ഇ) സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ ഇക്കാര്യവും ഉണ്ട്.

ലോട്ടറി ടിക്കറ്റിൽ ഏർപ്പെടുത്തിയ നികുതി

* 172 [175] ഡോ.എ.സുബ്ബറാവു:
ശ്രീ. കെ.പി.പ്രഭാകരൻ:
,, എം.കെ.കേശവൻ:
,, കെ.ആർ.ചന്ദ്രമോഹനൻ:
,, പി.കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റിൻമേൽ പുതുതായി ഏർപ്പെടുത്തിയ നികുതി പിൻവലിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലോട്ടറി ടിക്കറ്റ് ഏജൻറുമാർ നൽകിയ നിവേദനത്തിൻെറ അടിസ്ഥാനത്തിലാണോ പുതിയ നികുതി പിൻവലിച്ചത്;

(സി) ഏജൻറുമാരുടെ സമരം മൂലം നഷ്ടം നേരിട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ഗവൺമെൻറു നിയമിച്ച ഏകാംഗ കമ്മീഷനു കേരള സ്റേറ്റ് ലോട്ടറി ഏജൻസ് അസോസിയേഷൻ നിവേദനം നൽകിയിരുന്നു. നിവേദനം ഉൾപ്പെടെ പ്രസക്തമായ എല്ലാ കാര്യങ്ങളും പരിഗണിച്ച ശേഷം കമ്മീഷൻ നൽകിയ ശുപാർശയുടെ വെളിച്ചത്തിലാണ് വിൽപ്പനനികുതി പിൻവലിച്ചത്.

(സി, ഡി) 11,27,456 രൂപ. ഇത് താൽക്കാലിക കണക്കാണ്.

ഓവർഡ്രാഫ്റിൻെറ പലിശ

* 173 [176] ശ്രീ. പി.സീതിഹാജി:
,, കെ.മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മേയ് 31-ന് സംസ്ഥാനത്തിൻെറ ഓവർഡ്രാഫ്റ് തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly